പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6883. 13-07-2012 - ൽ മറുപടിയ്ക്ക്

## 2003-ലെ കേരള ജലസേചന ജലസംരക്ഷണ നിയമം

**ചോദ്യം**

ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.സണ്ണി ജോസഫ്
ശ്രീ.ഹൈബി ഈഡൻ
ശ്രീ.എം.പി.വിൻസെന്റ്

(എ) 2003-ലെ കേരള ജലസേചന ജലസംരക്ഷണ നിയമം കാര്യക്ഷമമായി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ;

**മറുപടി**

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) 2003-ലെ കേരള ജലസേചന-ജലസംരക്ഷണ നിയമം അനുശാസിക്കുന്ന നദികളിലെയും മറ്റ് ജലസ്രോതസുകളിലെയും നീരൊഴുക്ക് സംരക്ഷണം, ജലസേചനത്തിനാവശ്യമായ നിർമ്മാണ പ്രവൃത്തികൾ, ഫീൽഡ് കനാലുകളുടെ നിർമ്മാണവും സംരക്ഷണവും, കാർഷിക വിളകൾക്കാവശ്യമായ ജലവിതരണ നിയന്ത്രണം, ജലസേചനംകൊണ്ട് അഭിവൃദ്ധിപ്പെട്ട സ്ഥലങ്ങളിൽ നിന്നും അധികനികുതി ഈടാക്കൽ നടപടി, ഡാം സുരക്ഷാ അതോറിറ്റി രൂപീകരണം, ജലസേചന-ജലസംരക്ഷണ പ്രവർത്തനങ്ങളിൽ കർഷകരുടെയും മറ്റ് ഗുണഭോക്താക്കളുടെയും പ്രാതിനിധ്യം ഉറപ്പാക്കി പ്രത്യേക 'ജല ഉപഭോക്തൃ സമിതി' രൂപീകരിക്കൽ തുടങ്ങിയവ നടപ്പിലാക്കുന്നതിന് ജലസേചന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നദികളുടെയും തോടുകളുടെയും നീരൊഴുക്ക് സുഗമവും സുസ്ഥിരവുമാക്കാനാവശ്യമായ ചെക്ക് ഡാമുകൾ (തടയണകൾ) വെന്റഡ് ക്രോസ് ബാറുകൾ, പാർശ്വഭിത്തി സംരക്ഷണം, മാലിന്യ ലഘൂകരണത്തിനായുള്ള പ്രത്യേക നിർമ്മിതികൾ, പ്രത്യേക റഗുലേറ്ററുകളുടെ നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും അതുമായി ബന്ധപ്പെട്ട

കനാലുകളുടെയും പുനരുദ്ധാരണ പണികൾ, കുളങ്ങളുടെയും കായലുകളുടെയും പുനരുദ്ധാരണ സംരക്ഷണ പണികൾ, വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കി വരുന്നു.

ജലസേചന പദ്ധതികൾ കൊണ്ട് അഭിവൃദ്ധിയുണ്ടായ സ്ഥലങ്ങളിൽ നിന്ന് അധികനികുതി (Betterment tax/cess) പിരിക്കുന്നതിനാവശ്യമായ രേഖകൾ ചിട്ടപ്പെടുത്തുന്നതിനായി ജലസേചന-റവന്യൂ ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധന വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു.

**(ബി)** പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി നിയമം ഭേദഗതി ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

**(ബി)** 2003-ലെ കേരള ജലസേചന-ജലസംരക്ഷണ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി കാലാകാലങ്ങളിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

1) ഡാമുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് ഡാമുകളുടെ പട്ടിക ഉൾപ്പെടുത്തലും, അതുമായി ബന്ധപ്പെട്ടവയും (2006).

2) 'കേരള ജലവിഭവ റഗുലേറ്ററി അതോറിറ്റി' രൂപീകരണം (ഓർഡിനൻസ് 54/2011).

3) 2003-ലെ ജലസേചന-ജലസംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതിനുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

Bindu

**സെക്ഷൻ ഓഫീസർ.**

SC/